# പതിനാലാം കേരള നിയമസഭ
# പത്താം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5998
## 02.04.2018- ലെ മറുപടിക്ക്

## വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസിനത്തിൽ സർക്കാറിനു ലഭിച്ച തുക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | കഴിഞ്ഞ സാമ്പത്തികവർഷം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾക്കുള്ള (സർക്കാർ സേവനങ്ങൾ) ഫീസിനത്തിൽ ലഭ്യമായ തുക എത്ര കോടി രൂപയാണ്; | വിവിധ സർക്കാർ വകുപ്പുകൾ മുഖേന പൊതുജനങ്ങൾക്ക് നല്കുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് ഒരു പൊതുഹെഡിലല്ല ഒടുക്കപ്പെടുന്നത്. ആയതിനാൽ ഈയിനത്തിൽ ലഭിച്ച തുക പ്രത്യേകമായി കണക്കാക്കാനാകില്ല. കഴിഞ്ഞ സാമ്പത്തികവർഷം 9699.98 കോടി രൂപ നികുതിയിതരവരുമാനമായി ലഭിച്ചിട്ടുണ്ട്. ഇതിൽ സർട്ടിഫിക്കറ്റുകളുടെ ഫീസും ഉൾപ്പെടും. |
| (ബി) | ഇത്തരം സർക്കാർ സേവനങ്ങൾക്ക് ഫീസ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എല്ലാത്തരം സർക്കാർ സേവനങ്ങൾക്കുമുള്ള ഫീസുകൾ / ചാർജ്ജുകൾ എന്നിവയിൽ 01.04.2018 മുതൽ 5% വർദ്ധനവ് വരുത്തി 17.03.2018-ലെ സ.ഉ (അച്ചടി) നം. 44/2018 ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | എങ്കിൽ എത്ര ശതമാനം വർദ്ധനവാണ് ഉദ്ദേശിക്കുന്നത്; ഇതു വഴി എത്ര കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്? | 17.03.2018-ലെ സ.ഉ (അച്ചടി) നം. 44/2018 ധന ഉത്തരവ് പ്രകാരം നിലവിലുള്ള നിരക്കുകളിൽ 5% വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ നികുതിയേതര വരുമാനം സംബന്ധിച്ച് 2018 ജനുവരി വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നടപ്പ് സാമ്പത്തിക വർഷം 16.64% വർദ്ധനവുണ്ടായിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും നികുതിയേതര വരുമാനത്തിലുണ്ടാകുന്ന ശരാശരി വർദ്ധനവിന് പുറമെ 5% വർദ്ധനവിന് ആനുപാതികമായ വർദ്ധനവ് കൂടി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

Sreekumar

**അക്കൗണ്ട്സ് ഓഫീസർ**